*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ തിരുവനന്തപുരം 1*

*ICT Cell/03/2324/SWS/HSE/2008* *ഒക്ടോബർ 16, 2009*

# <u>സർക്കുലർ</u>

***വിഷയം: ഗവൺമെന്റ്/എയിഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ വിദ്യാർത്ഥിവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച്-***

2009-10 അധ്യയനവർഷത്തിൽ ഗവൺമെന്റ്/എയിഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ ഏകജാലകരീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾക്കൊപ്പം സ്പോർട്സ്, മാനേജ്മെന്റ്, കമ്മ്യൂണിറ്റി എന്നീ ക്വാട്ടകളിൽ സ്കൂൾതലത്തിൽ നടത്തിയ പ്രവേശനത്തിന്റെ വിവരങ്ങൾ കൂടി ചേർത്ത് കേന്ദ്രീകൃത ഡേറ്റാബേസ് തയ്യാറായിക്കഴിഞ്ഞു. ഈ വിദ്യാർത്ഥി ലിസ്റ്റായിരിക്കും പരീക്ഷാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. പരീക്ഷാരജിസ്ട്രേഷൻ, തുടർ മൂല്യനിർണയം തുടങ്ങിയ യാതൊരാവശ്യങ്ങൾക്കും സ്കൂളിൽ നിന്ന് പ്ലസ് വൺ വിദ്യാർത്ഥിവിവരങ്ങൾ ഇനി പ്രത്യേകമായി ഡേറ്റാ എൻട്രി ചെയ്യേണ്ടതില്ല. **വിദ്യാർത്ഥിയുടെ മതം, തെരഞ്ഞെടുത്ത രണ്ടാം ഭാഷ, ഡിവിഷൻ** മുതലായ വിവരങ്ങൾ കൂടി നിലവിലുള്ള ഡേറ്റാബേസിൽ ചേർക്കേണ്ടതുണ്ട്. ഇതിനുള്ള സൗകര്യം www.hscap.kerala.gov.in/school ൽ ലഭ്യമാണ്. അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത ശേഷം ഓരോ വിദ്യാർത്ഥിയുടെയും അപേക്ഷാനമ്പർ ടൈപ്പ് ചെയ്ത് കൂട്ടിച്ചേർക്കേണ്ട വിവരങ്ങൾ ചേർത്ത ശേഷം അപ്ഡേറ്റ്/ സേവ് ബട്ടണിൽ ക്ലിക്ക് ചെയ്യുക. അൺഎയിഡഡ് ബാച്ചുകളുള്ള എയിഡഡ് സ്കൂളുകൾ അത്തരം വിദ്യാർത്ഥികളുടെ വിവരങ്ങൾ ചേർക്കുന്നതിന് മുമ്പ് ബാച്ചിന്റെ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യണം. ഇതിനായി അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത ശേഷം അൺ എയിഡഡ് ബാച്ചുകളുണ്ടോയെന്ന ചോദ്യത്തിന് മറുപടി നൽകിയശേഷം ബാച്ച് ഏത് വിഷയകോംബിനേഷനിലുള്ളതാണെന്ന് സൂചിപ്പിക്കുക. ബാച്ചിന്റെ എണ്ണവും ബാച്ചനുവദിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും നൽകണം. ഇത്രയും വിവരങ്ങൾ സേവ് ചെയ്ത ശേഷം അൺഎയിഡ്ഡ് ബാച്ചിലെ വിദ്യാർത്ഥികളുടെ ഡേറ്റാ എൻട്രി നടത്താവുന്നതാണ്. ഇതിനായി മാനേജ്മെന്റ്/ കമ്മ്യൂണിറ്റിക്വാട്ടകളിലെ ഡേറ്റാഎൻട്രിക്കായി ഡയറക്ടറേറ്റ് അനുവദിച്ചിട്ടുള്ള അപേക്ഷാനമ്പറുകളിൽ ഉപയാഗിക്കാതെ ബാക്കിയുള്ള നമ്പറുകൾ ഉപയോഗിക്കുക. അനുവദിക്കപ്പെട്ട നമ്പറുകൾ മുഴുവൻ ഉപയോഗിച്ചുതീർന്നെങ്കിൽ പുതിയ നമ്പർ ലഭിക്കുന്നതിന് ഐ.സി.റ്റി. സെല്ലിനെ ബന്ധപ്പെടുക. എല്ലാ ഡേറ്റാഎൻട്രിയും ഒക്ടോബർ 23ന് മുമ്പ് പൂർത്തിയാക്കണം. വെബ്സൈറ്റിലുള്ള സമ്പൂർണലിസ്റ്റും സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റുമായി പൊരുത്തംവരാത്ത പക്ഷം പ്രിൻസിപ്പൽമാർ ഒക്ടോബർ 20ന് മുമ്പ് വിശദാംശങ്ങൾ ഐ.സി.റ്റി. സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യപ്പെടുന്നപക്ഷം പ്രവേശനരേഖകൾ ഹാജരാക്കുകയും വേണം.

**ഡയറക്ടർ**